## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2262 08.05.2017 -ൽ മറുപടിക്ക്**

**അരൂർ-ഇടക്കൊച്ചി പാലത്തിന്റെ അറ്റകുറ്റപ്പണികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി)** |
| (എ) ആറ് പതിറ്റാണ്ട് പഴക്കമുള്ള അരൂർ - ഇടക്കൊച്ചി പാലത്തിന്റെ അറ്റകുറ്റ പ്പണികൾ നടത്തുന്നതിനും സംരക്ഷി ക്കുന്നതിനുമുള്ള ഉത്തരവാദിത്തം ആർക്കാണെന്ന് വ്യക്തമാക്കാമോ; | (എ) ഇടക്കൊച്ചി - അരൂർ പാലത്തിന്റെ അറ്റകുറ്റപ്പണികളും സംരക്ഷണവും പൊതു മരാമത്ത് റോഡുകളും പാലങ്ങളും ഡിവിഷൻ, എറണാകുളം ഓഫീസിന്റെ അധികാര പരിധിയിൽ വരുന്നതാണ്. |
| (ബി) പ്രസ്തുത പാലത്തിന്റെ സ്പാനുകൾ തമ്മിലുള്ള അകലം വർദ്ധിച്ചിട്ടും തെക്ക് വശത്തുള്ള അപ്രോച്ച് റോഡിന്റെ ഇരുവശവുമുള്ള കോൺക്രീറ്റ് എട്ടുപ്പകളും കൈവരികളും സ്ലാബുകളും തകർന്നിട്ടും പ്രസ്തുത അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കാ ത്തതിന് കാരണം വിശദമാക്കാമോ; | (ബി) സർക്കാർ നിർദ്ദേശത്തെ തുടർന്ന് പാലങ്ങൾ സംബന്ധിച്ച് നടത്തിയ പരിശോധന റിപ്പോർട്ട് പ്രകാരം, 1960-ൽ ഗതാഗതത്തിനായി തുറന്ന കൊടുത്ത ടി പാലത്തിനെ റൂട്ടീൻ മെയിന്റനൻസ് നടത്തേണ്ട പാലങ്ങളുടെ പട്ടികയിലാണ് ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ട് പ്രകാരം പിയറിനും വെയറിംഗ് കോട്ടിനും, കൈവരികൾക്കും എക്സ്പാൻഷൻ ജോയിന്റ കൾക്കും ഫുട്പാത്ത് സ്ലാബിനും അറ്റകുറ്റപ്പണി ആവശ്യമാണ്. കൂടാതെ ബിയറിംഗിന് ഗ്രീസിംഗും ഓയിൽബാത്തും ആവശ്യമാണ്. ഇത് കൂടാതെ ഫൗണ്ടേഷൻ സംബന്ധിച്ച് തുടർ പഠനവും ആവശ്യമായി വരുന്നു. പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) പാലത്തിന്റെ കാലപ്പഴക്കം കണക്കി ലെടുത്ത് സമാന്തര പാലത്തിന്റെയും തോപ്പുംപടി- ഇടക്കൊച്ചി തീരദേശ റോഡിന്റെയും നിർമ്മാണത്തിന് പരിഗണന നൽകുവാൻ നടപടി സ്വീകരിക്കുമോ? | (സി) പരിശോധിച്ചിട്ടില്ല. |

S. Bindu

**സെക്ഷൻ ഓഫീസർ**